ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.10.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1.) കേന്ദ്ര സർക്കാർ സമസ്ത മേഖലകളിലും യുവജനങ്ങൾക്ക് എണ്ണമറ്റ അവസരങ്ങളാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said that the central government is providing countless opportunities for the youth in all sectors.**

2). വ്യോമയാന ഇന്ധന ഉത്പാദനത്തിൽ ഇന്ത്യ സമീപഭാവിയിൽ തന്നെ ഒന്നാമതെത്തുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി.

**Union Transport Minister Nitin Gadkari stated that the day is not far when India will be number one in producing aviation fuel.**

3). യൂറോപ്യൻ യൂണിയൻ വിട്ടതിനുശേഷം ബ്രിട്ടൺ ഒപ്പുവച്ച ഏറ്റവും വലിയ കരാറാണ് ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ.

**British Prime Minister Keir Starmer described that the India-UK Free Trade Agreement as the biggest deal the United Kingdom has signed since leaving the European Union.**

4). ശബരിമല സ്വർണപ്പാളി വിഷയത്തിൽ പ്രക്ഷുബ്ധമായി നിയമസഭ, കേരള വന്യജീവി സംരക്ഷണ ഭേദഗതി ബില്ലും, വന ഭേദഗതി ബില്ലും നിയമസഭ പാസാക്കി.

**The Kerala Legislative Assembly witnessed uproar over the Sabarimala gold plating controversy, and passed both the Kerala Wildlife Protection Amendment Bill and the Forest Amendment Bill.**

5). താമരശേരിയിൽ ഡോക്ടറെ ആക്രമിച്ച സംഭവത്തിൽ ശക്തമായ നടപടിയെടുക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്, നാളെ സംസ്ഥാന വ്യാപാകമായി പ്രതിഷേധദിനം ആചരിക്കുമെന്ന് ഡോക്ടർമാരുടെ സംഘടനയായ കെ ജി എം ഒ എ.

**State Health Minister Veena George said strong action will be taken in the incident of a doctor being attacked in Thamarassery, the Kerala Government Medical Officers' Association (KGMOA) announced that a statewide protest day will be observed tomorrow.**

6). ഐ സി സി വനിതാ ലോകകപ്പിൽ ഓസ്ട്രേലിയക്കെതിരെ പാകിസ്ഥാന് 222 റൺ വിജയലക്ഷ്യം.

**In ICC Women's World Cup, Australia set 222-run target for Pakistan**

*************************************

## PM MUMBAI (INTRO)

രാജ്യത്ത് എല്ലാ മേഖലകളിലും ഇന്ന് യുവാക്കൾക്ക് എണ്ണമറ്റ അവസരങ്ങളാണുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. റോബോട്ടിക്സ്, ഇലക്ട്രിക് വാഹനങ്ങൾ, സൗരോർജ്ജം, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ സാങ്കേതികവിദ്യകളിലെ പരിശീലനം രാജ്യത്ത് ലഭ്യമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ദരിദ്രർ, നവ മധ്യവർഗം തുടങ്ങി സമസ്ത വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. നവി മുംബൈ

വിമാനത്താവളം ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് വിമാനത്താവളമാണ് 19,650 കോടി രൂപ ചെലവിൽ നവി മുംബൈയിൽ നിർമ്മിച്ചിരിക്കുന്നത്. മഹാരാഷ്ട്രയിൽ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

( ഹോൾഡ് വോയിസ്......)

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നുച്ചയ്ക്കാണ് പ്രധാനമന്ത്രി മുംബൈയിലെത്തിയത്.

************************************

## PM – IMC

ഇന്ത്യ മൊബൈൽ കോൺഗ്രസിൻറെ 9-ാംാം പതിപ്പ് ന്യൂഡൽഹിയിലെ യശോഭൂമിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യത്തിന് ഊർജ്ജം പകരാൻ രാജ്യത്തിൻറെ ടെലികോം മേഖലയ്ക്ക് സാധിച്ചതായും, ആഡംബരം എന്നതിലുപരി രാജ്യത്തെ സാധാരണക്കാരുടെ നിത്യജീവിതത്തിൻറെ ഭാഗമായി ഡിജിറ്റൽ കണക്ടിവിറ്റി മാറിയതായും പ്രധാനമന്ത്രി പറഞ്ഞു.

************************************

## UK PM

യൂറോപ്യൻ യൂണിയൻ വിട്ടതിനുശേഷം ബ്രിട്ടൺ ഒപ്പുവച്ച ഏറ്റവും വലിയ കരാറാണ് ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ. രണ്ട് ദിവസത്തെ ഇന്ത്യ സന്ദർശനത്തിനായി എത്തിയ അദ്ദേഹം മുംബൈയിൽ വ്യവസായ പ്രമുഖരെ അഭിസംബോധന ചെയ്യുകയായിരുന്നു. സ്വതന്ത്ര വ്യാപാര കരാറിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം പ്രതിവർഷം 25.5 ബില്യൺ പൗണ്ട് വർദ്ധിക്കുമെന്നാണ് പ്രതീക്ഷ. ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ നാളെ പ്രധാനമന്ത്രി

നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ സമഗ്ര നയതന്ത്ര പങ്കാളിത്തം ഇരു നേതാക്കളും അവലോകനം ചെയ്യും.

*******************************

## NOBEL PRIZE

രസതന്ത്രത്തിനുള്ള നോബേൽ സമ്മാനം മൂന്ന് ശാസ്ത്രജ്ഞർക്ക്. മെറ്റൽ-ഓർഗാനിക് ചട്ടക്കൂടുകൾ വികസിപ്പിച്ചതിനാണ് അംഗീകാരം. അമേരിക്കയിൽ നിന്നുള്ള ഒമർ എം. യാഗി , ജപ്പാനിൽ നിന്നുള്ള സുസുമു കിറ്റഗാവ, ഓസ്ട്രേലിയിൽ നിന്നുള്ള റിച്ചാർഡ് റോബ്സൺ എന്നീ ശാസ്ത്രജ്ഞർക്കാണ് നോബേൽ ലഭിച്ചത്.

*******************************

## NIYAMASABHA

ശബരിമല സ്വർണപ്പാളി വിവാദത്തിൽ തുടർച്ചയായ മൂന്നാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ ബഹളം. ദേവസ്വം മന്ത്രിയെ പുറത്താക്കുന്നതു വരെ നടപടികളുമായി സഹകരിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു . തുടർന്ന് സഭാ നടപടികൾ പ്രതിപക്ഷം ബഹിഷ്ക്കരിച്ചു. ശബരിമല വിഷയത്തിൽ ഗൗരവമായ പരിശോധനയും അന്വേഷണവും വേണമെന്നാണ് സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. 2025 ലെ കേരള വന ഭേദഗതി ബിൽ, വന്യജീവി സംരക്ഷണ ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി, പഞ്ചായത്തി രാജ് ഭേദഗതി ബില്ലുകൾ തുടങ്ങിയവ സഭ ഇന്ന് പാസാക്കി. പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്ക്കരിച്ചതിനാൽ ഭരണപക്ഷാംഗങ്ങൾ മാത്രമാണ് ചർച്ചയിൽ പങ്കെടുത്തത്. തുടർന്ന് ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ വീണ്ടും ചേരും.

*******************************

## WAYANAD – HIGH COURT

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ വായ്പാ തിരിച്ചടവ് എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെടാൻ പരിമിതിയുണ്ടെന്ന് കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു. റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾ ഉള്ളതിനാൽ വായ്പ എഴുതിത്തള്ളാൻ കേന്ദ്രത്തിന് സാധിക്കില്ലെന്നും ആഭ്യന്തര മന്ത്രാലയം കോടതിയിൽ സത്യവാങ്മൂലം നൽകി. അതേ സമയം ദുരിതബാധിതരുടെ വായ്പ തിരിച്ചടവ് നടപടികൾ സ്റ്റേ ചെയ്യാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുമെന്ന് ഹൈക്കോടതി വാക്കാൽ അറിയിച്ചു.

*****************************

## EC – BIHAR MCC

ബിഹാർ തിരഞ്ഞെടുപ്പിനുള്ള മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറത്തിറക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പരാതികൾക്ക് നൂറ് മിനിറ്റിനുള്ളിൽ പരിഹാരം കാണുന്നതിനായി 824 ഫ്ലൈയിംഗ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. 243 അംഗ ബിഹാർ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് അടുത്ത മാസം 6 നും 11 നും നടക്കും. നവംബർ 14 നാണ് വോട്ടെണ്ണൽ.

*****************************

## HC – DELIMITATION COMMISSION

കേരളത്തിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിനായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ റിട്ട് ഹർജികൾ ഹൈക്കോടതി തള്ളി. നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ചൂണ്ടിക്കാട്ടി 103 ഹർജികളാണ് തള്ളിയത്.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*****************************************

## KOZHIKODE – DOCTOR INJURED

കോഴിക്കോട് താമരശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽ ഡോക്ടറെ രോഗിയുടെ ബന്ധു വെട്ടി പരിക്കേൽപ്പിച്ചു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ വിപിനാണ് പരിക്കേറ്റത്. സംഭവത്തിൽ സനൂപ് എന്നയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച 9 വയസ്സുകാരിയുടെ പിതാവാണ് കസ്റ്റഡിയിലുള്ളത്. മതിയായ ചികിത്സ ലഭിച്ചില്ലെന്ന് ആരോപിച്ചാണ് ആക്രമണം. സംഭവം അത്യന്തം അപലപനീയമാണെന്നും, ശക്തമായ നടപടിയെടുക്കുമെന്നും ആരോഗ്യ മന്ത്രി വീണ ജോർജ് അറിയിച്ചു. നാളെ സർക്കാർ ഡോക്ടർമാർ സംസ്ഥാന വ്യാപകമായി പ്രതിഷേധ ദിനം ആചരിക്കുമെന്ന് കെ ജി എം ഒ എ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഡോക്ടർമാർ നാളെ കോഴിക്കോട് ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഒ.പി ബഹിഷ്കരിക്കും. എന്നാൽ അത്യാഹിത വിഭാഗം പ്രവർത്തിക്കും.

*****************************************

## KERALA THIRD VANDE BHARATH

എറണാകുളത്ത് നിന്നും തൃശൂർ, പാലക്കാട് വഴി ബംഗളൂരുവിലേക്ക് പുതിയ വന്ദേഭാരത് ട്രെയിൻ അനുവദിച്ചതായി കേന്ദ്ര റെയിൽ മന്ത്രി അശ്വനി വൈഷ്ണവ്. നവംബർ പകുതിയോടെ സർവ്വീസ് ആരംഭിക്കും. കേരളത്തിന് മൂന്നാമത് വന്ദേ ഭാരത് അനുവദിച്ച പ്രധാനമന്ത്രിക്ക് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നന്ദി അറിയിച്ചു.

*******************************

## MoS GEORGE KURIAN – JANSHATABDI

തിരുവനന്തപുരം സെൻട്രൽ - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസിന് ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിൽ ഇനി മുതൽ അധിക സ്റ്റോപ്പ്. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ ചങ്ങനാശ്ശേരിയിൽ ജനശതാബ്ദി ഫ്ലാഗ് ഓഫ് ചെയ്യും.

*******************************

## GADKARI-HARYANA (INTRO)

വ്യോമയാന ഇന്ധനത്തിന്റെ ഉൽപ്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനം കൈവരിക്കുന്ന ദിവസം വിദൂരമല്ലെന്ന് കേന്ദ്ര റോഡ്, ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി. ഹരിയാനയിലെ സോണിപത്തിൽ ഇന്ത്യയിലെ ആദ്യത്തെ വാണിജ്യ ഇലക്ട്രിക് ട്രക്ക് ബാറ്ററി സ്വാപ്പിംഗ് ആൻഡ് ചാർജിംഗ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ജൈവ ഇന്ധനങ്ങളിലൂടെയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും ലോജിസ്റ്റിക്സ് ചെലവുകൾ കുറയ്ക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും ശ്രീ ഗഡ്കരി വ്യക്തമാക്കി.

( ഹോൾഡ് വോയ്സ്)

രാജ്യത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി വില 50 മുതൽ 60 ശതമാനം വരെ കുറഞ്ഞുവെന്നും രാജ്യം ഉടൻ തന്നെ ഡീസലിൽ നിന്ന് മുക്തമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

*******************************

## ICC W WORLDCUP

ഐസിസി വനിതാ ലോകകപ്പിൽ ഓസ്ട്രേലിയക്കെതിരെ പാക്കിസ്ഥാന് 222 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 221 റൺ നേടി. ബെത് മൂണിയുടെ സെഞ്ചുറി മികവാണ് തകർച്ചയിൽ നിന്ന്

ഓസീസിന്റെ സ്കോർ 200 കടത്തിയത്. മറുപടി ബാറ്റിംഗിനിറങ്ങിയ പാക്കിസ്ഥാൻ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 29 റൺ എന്ന നിലയിലാണ്.

******************************

## SHANGHAI MASTERS 2025

ഷാങ്ഹായ് മാസ്റ്റേഴ്സ് ടെന്നീസ് ക്വാർട്ടർ ഫൈനലിൽ നാളെ സെർബിയയുടെ നൊവാക് ജോക്കോവിച്ച് ബെൽജിയത്തിന്റെ സിസൗ ബെർഗ്സിനെ നേരിടും. പ്രീക്വാർട്ടറിൽ സ്പെയിനിന്റെ ജൗമെ മുനാറിനെ വീഴ്ത്തിയാണ് ജോക്കോവിച്ച് ക്വാർട്ടറിൽ കടന്നത്. നാളെ വൈകുന്നേരം ഇന്ത്യൻ സമയം 4 മണിക്കാണ് മത്സരം.

******************************

## GST

GST ഘടനാ പരിഷ്കരണം കേരളത്തിലെ കർഷകർക്കും, ചെറുകിട ബിസിനസുകൾക്കും, വ്യവസായങ്ങൾക്കും വലിയ ഉത്തേജനം നൽകുമെന്നാണ് വിലയിരുത്തൽ. പായ്ക്ക് ചെയ്ത സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളുടെ ജിഎസ്ടി 18 ൽ നിന്ന് 5 ശതമാനമായി കുറയുന്നതോടെ, കൊച്ചി, ഇടുക്കി, വയനാട്, കോഴിക്കോട് എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ സുഗന്ധവ്യഞ്ജന വ്യവസായത്തിന് വലിയ ഗുണം ലഭിക്കും.

******************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 153 പോയിന്റ് ഇടിഞ്ഞ് 81,774 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 62 പോയിന്റ് നഷ്ടത്തിൽ 25,046 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുതിക്കുന്നു. പവന്റെ വില ഇന്ന് 90 ആയിരം കടന്നു. പവന് 560 രൂപ കൂടി 90,880 രൂപയും ഗ്രാമിന് 11,360 രൂപയുമാണ് ഇന്നത്തെ വില.

## IMD-WEATHER

വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, കർണാടക, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ബിഹാർ, ഒഡീഷ, തെലങ്കാന, പശ്ചിമ ബംഗാൾ, സിക്കിം എന്നിവിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കേരളം, മാഹി, കൊങ്കൺ, ഗോവ, ലക്ഷദ്വീപ്, തമിഴ്നാട് പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലും വരും ദിവസങ്ങളിൽ മഴ ശക്തമാകും. കേരളത്തിൽ നാളെ അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള ലക്ഷ്യദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് നാളെയും മത്സ്യബന്ധനത്തിനു വിലക്ക് ഏർപ്പെടുത്തി.